LIBRARY ARCHIVES Kerala Legislative Assembly

കൃഷി ഓഫീസർമാരുടെ പ്രൊമോഷനുകളിലെ അപാകത

132 (3336) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ എലിജിബിലിറ്റി പരീക്ഷ വിജയിച്ച് പതിമൂന്ന് ശതമാനം ക്വാട്ടയിൽ സ്ഥാനക്കയറ്റം ലഭിച്ച കൃഷി ഓഫീസർമാരുടെ ഗ്രേഡ്, നോൺ കേഡർ പ്രൊമോഷനുകളിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത രീതിയിൽ സ്ഥാനകയറ്റം ലഭിച്ചവർക്ക് കൃഷി ഡയറക്ടറേറ്റ്, ഫാം ഇൻഫർമേഷൻ ബ്യൂറോ തുടങ്ങിയ സ്ഥലങ്ങളിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃഷി ആഫീസർ തസ്തികയിൽ നേരിട്ട നിയമനം ലഭിക്കുന്നവർക്കാണ് നോൺ കേഡർ പ്രൊമോഷന് അർഹത. 13% ക്വാട്ടയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നുണ്ട്.

(ബി) ഇവർക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് ഉചിതമായ നിയമനം നൽകിവരുന്നുണ്ട്.

കൃഷി ആഫീസർമാരുടെ തസ്തികകൾ

133 (3337) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ആഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) ചേലക്കര മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ കൃഷി ആഫീസർ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടെന്നും ഇത് സംബന്ധിച്ച് ലഭിച്ച പരാതികളുടെ വിശദാംശങ്ങളും ലഭ്യമക്കാമോ;

(ഡി) കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിലും കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ അടിയന്തരമായി കൃഷി ആഫീസർമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൃഷി ആഫീസർമാരുടെ 105 ഒഴിവുകൾ ഉണ്ട്. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവയാണെങ്കിലും കൃഷി ആഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതിൻപ്രകാരം ഇന്റർവ്യൂ നടത്തി അർഹരാണെന്നുകണ്ട 85 പേർക്ക് 179 ദിവസത്തേക്ക് നിയമനം നൽകി ഉത്തരവായിട്ടുണ്ട്.

(സി) ചേലക്കര നിയോജകമണ്ഡലത്തിൽ കൃഷി ആഫീസർമാരുടെ ഒഴിവുണ്ടായിരുന്ന ദേശമംഗലം, പഴയന്നൂർ എന്നീ കൃഷി ഭവനുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൃഷി ആഫീസറെ നിയമിച്ചിട്ടുണ്ട്. തിരുവില്വാമല കൃഷിഭവനിൽ കൃഷി ആഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ചേലക്കര നിയോജകമണ്ഡലത്തിൽ കൃഷി ആഫീസറെ നിയമിക്കാത്തത് സംബന്ധിച്ച് പരാതികൾ ഉണ്ടായതായി കാണുന്നില്ല.

(ഡി) കൃഷി ആഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കി ഇന്റർവ്യൂ നടത്തി അർഹരായിട്ടുള്ള 85 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ പരിശോധിച്ച് അവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കുളങ്ങൾ നന്നാക്കാൻ നടപടി

134 (3338) ശ്രീ. സി. കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര അസംബ്ലി നിയോജകമണ്ഡലത്തിൽ ഏതെങ്കിലും കുളം നന്നാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കുളങ്ങൾ നന്നാക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly